പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1390 | 02.05.2017 ൽ മറുപടിക്ക്

## വാഹനാപകടങ്ങൾ കുറയ്ക്കുവാൻ സ്വീകരിച്ച നടപടികൾ

ചോദ്യം

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ:

(എ) വാഹനാപകടങ്ങൾ വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ തടയുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

മറുപടി

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

(എ) 2017- ലെ ആദ്യ മൂന്ന് മാസങ്ങളിൽ പോയ വർഷം ഈ കാലയളവിനെ അപേക്ഷിച്ച് വാഹനാപകടങ്ങളുടെയും തൻമൂലമുള്ള മരണങ്ങളുടെയും എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്.കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായും സംസ്ഥാന പോലീസ് വകുപ്പിൽ നിന്നുള്ള വിവരശേഖരണത്തിന്റെയടിസ്ഥാനത്തിലും കേരളത്തിലെ റോഡുകളിൽ 355 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ അനുബന്ധ ഏജൻസിയായ നാറ്റ്പാക് സമർപ്പിച്ചിരുന്നു . ഇത് 18/01/2017 ൽ നടന്ന 32-ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗം പരിശോധിക്കുകയും അംഗീകാരം നൽകുകയും ചെയ്തു. യോഗ തീരുമാനമനുസരിച്ച് ബ്ലാക്ക് സ്പോട്ടുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ചുമതല പൊതുമരാമത്ത് വകുപ്പിനെ ഏൽപിക്കുകയും ചെയ്തു . മാത്രവുമല്ല ബ്ലാക്ക് സ്പോട്ടുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് (ദേശീയപാതകൾ), ചീഫ് എൻജിനീയർ, പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും), തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ, നാറ്റ്പാക് ഡയറക്ടർ എന്നിവർ അംഗങ്ങളായ ഒരു ഉപ സമിതിയും രൂപീകരിച്ചു.ഇതിനു പുറമെ സംസ്ഥാനത്തെ റോഡുകൾക്കു വേണ്ടി ഒരു റോഡ് സേഫ്റ്റി പോളിസിയും ബ്ലാക്ക് സ്പോട്ട് നിർമ്മാർജ്ജനത്തിനു വേണ്ടി പ്രോട്ടോക്കോളും, റോഡ് സേഫ്റ്റി പോളിസിയും നാറ്റ്പാക് തയ്യാറാക്കി സമർപ്പിച്ചിരുന്നു. ഇവ 32-ാമത് അതോറിറ്റി യോഗം ചർച്ച ചെയ്യുകയും അംഗീകാരം നൽകുകയും ചെയ്തു. അനന്തരനടപടികൾക്കായി ഇവ അനുബന്ധ വകുപ്പുകൾക്കയച്ച് കൊടുത്തിട്ടുണ്ട്. കേരള റോഡ് സുരക്ഷാ അതോറിറ്റി ദൃശ്യ – ശ്രാവ്യ മാധ്യമങ്ങളുടെ സാദ്ധ്യത ഉപയോഗപ്പെടുത്തിയും വിവിധ കലാ രൂപങ്ങളുടെ

| | | |
|---|---|---|
| | | അവതരണത്തിലൂടെയും ജനങ്ങളിൽ റോഡ് സുരക്ഷാവബോധം വളർത്താൻ ശ്രമിച്ചു വരുന്ന കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശമനുസരിച്ച് എല്ലാ വർഷവും ആചരിക്കുന്ന റോഡ് സുരക്ഷാ വാരാചരണത്തിന് അനുബന്ധ വകുപ്പുകൾക്ക് അതോറിറ്റിയോഗത്തിന്റെ തീരുമാനത്തിനു വിധേയമായി ഫണ്ട് അനുവദിക്കാറുണ്ട്. അനുബന്ധ വകുപ്പുകളുടെ റോഡ് സുരക്ഷാ സംബന്ധമായ മറ്റ് പ്രൊപ്പോസലുകൾക്കും അതോറിറ്റിയുടെ അംഗീകാരത്തിനു വിധേയമായി ഫണ്ട് അനുവദിക്കാറുണ്ട്. ഇതിനുപുറമേ പോലീസ് മോട്ടോർ വാഹനം, പൊതുമരാമത്ത് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് റോഡ് നിയമലംഘനങ്ങൾക്കെതിരേ ഫെബ്രുവരി 15 മുതൽ മാർച്ച് 15 വരെ റോഡ് സേഫ്റ്റി ആക്ഷൻ പ്ലാൻ നടപ്പിലാക്കുകയും ചെയ്തു. |
| (ബി) | വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനുള്ള അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; അതോറിറ്റിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാം; | (ബി) സംസ്ഥാനത്തെ റോഡ് സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി 2007 -ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടനുസരിച്ച് 2006 ജനുവരി 7 ന്റെ പ്രാബല്യത്തോടെ കേരള റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | വാഹനാപകടങ്ങൾ കുറയ്ക്കുവാൻ എന്തെങ്കിലും കേന്ദ്ര പദ്ധതികൾക്ക് പ്രോജക്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെങ്കിലും പദ്ധതി ലഭിച്ചിട്ടുണ്ടോ; എത്ര തുക ലഭിച്ചു; എത്ര തുക ചെലവഴിച്ചു; | (സി) കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും കേന്ദ്ര പദ്ധതികൾക്ക് പ്രോജക്ട് നൽകിയിട്ടില്ല. |
| (ഡി) | വാഹനാപകടങ്ങൾ കുറയ്ക്കുവാൻ അടിയന്തരമായി ഒരു കർമ്മ പദ്ധതി കൊണ്ടുവരുമോ; പ്രധാന സ്ഥലങ്ങളിൽ ട്രാഫിക് വാർഡൻമാരെ നിയമിക്കുമോ; | (ഡി) വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പും പോലീസ് വകുപ്പും മറ്റ് അനുബന്ധ വകുപ്പുകളും ഒരുമിപ്പിച്ചു കൊണ്ട് ' Road Safety Action Plan ' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതോടനുബന്ധിച്ച് 2017 ജനുവരി 1 മുതൽ ജനുവരി 31 വരെയും, ഫെബ്രുവരി 15 മുതൽ മാർച്ച് 15 വരെയും റോഡ് സേഫ്റ്റി ആക്ഷൻ പ്ളാനിന്റെ ഭാഗമായി ഘട്ടം ഘട്ടമായി കർശന വാഹന പരിശോധനകളും ബോധവൽക്കരണ പരിപാടികളും നടത്തിയിട്ടുണ്ട്. ' റോഡ് സുരക്ഷയ്ക്കായി ഒരു ദശകം' എന്ന ലോകാരോഗ്യ സംഘടന ആഹ്വാനം ചെയ്ത പരിപാടിയുടെ അടിസ്ഥാനത്തിൽ നാറ്റ്പാക് റോഡ് സേഫ്റ്റി ആക്ഷൻ പ്ളാൻ തയ്യാറാക്കുകയും കേരള റോഡ് സേഫ്റ്റി അതോറിറ്റി അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മോട്ടോർ വാഹന വകുപ്പിന്റെ വിഷയങ്ങളിൻമേൽ നടപടികൾ സ്വീകരിച്ചു വരുന്നു.<br>ട്രാഫിക് വാർഡൻമാരെ നിയമിക്കുന്നത് സംബന്ധിച്ച തീരുമാനം എടുക്കേണ്ടത് ആഭ്യന്തര വകുപ്പാണ്. |

| | | |
|---|---|---|
| (ഇ) | വാഹനാപകടങ്ങൾ കുറയ്ക്കുവാൻ ബോധവൽക്കരണവും പ്രധാന ജംഗ്ഷനുകളിൽ ട്രാഫിക് വാർഡൻമാരെയും നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) റോഡ് സുരക്ഷ സംബന്ധിച്ച് അവബോധം വളർത്തുന്നതിനായി എല്ലാ വിഭാഗം ഡ്രൈവർമാർക്കും വിദ്യാർത്ഥികൾക്കും റോഡ് സുരക്ഷാ അവബോധവും ഗതാഗത നിയമങ്ങളിലുള്ള അവബോധവും സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. സ്കൂളുകളിൽ പ്രവർത്തിക്കുന്ന റോഡ് സുരക്ഷാ ക്ലബ്ബുകൾ മുഖേന ആവശ്യമായ ബോധവൽക്കരണം നൽകി വരുന്നു. വകുപ്പ് സ്കൂൾ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമായി റോഡ് സുരക്ഷയും ട്രാഫിക് നിയമങ്ങളെക്കുറിച്ചും പരിശീലന / ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. പ്രീ ലേണേഴ്സ് പരിശീലനം വകുപ്പ് നിർബന്ധമാക്കിയിട്ടുണ്ട്. |

SRadha.

സെക്ഷൻ ഓഫീസർ